കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# www.lfa.kerala.gov.in

കണിച്ചാർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-19

ജില്ലാ ഓഡിറ്റ് കാര്യാലയം കണ്ണൂർ

e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ട സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.11/130/2020.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497 2707698
തീയതി : 11.06.2020.

ഡെപ്യൂട്ടി ഡയറക്ടർ,

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കണിച്ചാർ ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം: കണിച്ചാർ ഗ്രാമപഞ്ചായത്ത് -2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്- സംബന്ധിച്ച്

************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കണിച്ചാർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം-1-ലെ 12, 13, 14

ഖണ്ഡികകളിലേക്കു് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15).
റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ

ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20,23, 1997ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1),(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (എയിംസ് മുഖേന)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,കണ്ണൂർ (ഇ-മെയിൽ വഴി)

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/കെ.എൻ.ആർ/സി.11/130/2020.

തീയതി:11.06.2020.

# <u>കണ്ണൂർ ജില്ലയിലെ കണിച്ചാർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള</u>

# ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് **215(4) , 1994** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് **13, 1996**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.**)**

കണ്ണൂർ ജില്ലയിലെ കണിച്ചാർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമ പഞ്ചായത്ത് 11-03-2019 മുതൽ 19-01-2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതത് സമയം

ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചത്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു

ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകങ്ങളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)**<u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ ശശികുമാർ എം.പി., ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 20-01-2020 മുതൽ 31-01-2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | | |

| | | |
|---|---|---|
| ശ്രീ.എം.ബാബുരാജ് | : | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| ശ്രീ.ആൽബർട്ട് ജോസ് | : | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി.സുമതി.ടി.ഒ | | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി.ശ്രീജ.കെ | : | ഓഡിറ്റർ |

**(ബി)**<u>നിർവ്വഹണാധികാരികൾ</u>

| | | |
|---|---|---|
| പ്രസിഡണ്ട് | ശ്രീമതി.സെലിൻ മാണി | 01-04-2018 മുതൽ 31-03-2019 വരെ |
| സെക്രട്ടറി | ശ്രീ.സുതേശൻ മമ്മാലി | 01-04-2018 മുതൽ |

| | | |
|---|---|---|
| | | 31.05.2018 വരെ |
| | ശ്രീ.കെ.പി.ബാലകൃഷ്ണൻ | 01.06.2018 മുതൽ 28.06.2018 വരെ 11-08-2018 മുതൽ 14-10-2018 വരെ |
| | ശ്രീ.സത്യൻ.കെ | 29.06.2018 മുതൽ 10.08.2018 വരെ |
| | ശ്രീ. ബാബു തോമസ് | 15-10-2018 മുതൽ 31-03-2019 വരെ |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.ജോർജ്ജ് കെ. ജെ | 01-04-2018 മുതൽ 31-03-2019 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ.ജോൺസൺ പോൾ | 01-04-2018മുതൽ 31-03-2019വരെ |
| അസി.എഞ്ചിനീയർ | ശ്രീ.ജോമോൻ പൗലോസ് | 01-04-2018മുതൽ 18-03-2019വരെ |
| | ശ്രീ.ധനീഷ്.ടി.എം | 19-03-2019 |

| | | |
|---|---|---|
| | | മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ(പി.എ)ച്ച്.സി ) | ഡോ. സദാനന്ദൻ.എ) | 01-04-2018മുതൽ 31-03-2019വരെ |
| മെഡിക്കൽഓഫീസർ (ആയുർവ്വേദം) | ഡോ.ഡോണിയ തോമസ് | 01-04-2018മുതൽ 31-03-2019വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. മനോജ് കുമാർ, ടി.ജി. | 01-04-2018മുതൽ |

| | | |
|---|---|---|
| | | 31-03-2019വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി അമിത എം കേളപ്പൻ | 01-04-2018മുതൽ 31-03-2019വരെ |
| ഹെഡ് മാസ്ററർ | ശ്രീ. ഉണ്ണികൃഷ്ണൻ.കെ.വി | 01-4-2018മുതൽ 31-03-2019വരെ |
| വി.ഇ.ഒ | ശ്രീമതി ഷൈമ.കെ | 01-04-2018മുതൽ 31-03- |

| | | |
|---|---|---|
| | | 2019വരെ |
| അസി.സെക്രട്ടറി | ശ്രീ.കെ.പി.ബാലകൃഷ്ണൻ | 01-04-2018മുതൽ 31-03-2019വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി റിനു വർഗ്ഗീസ് | 01-04-2018മുതൽ 31-03-2019വരെ |

<u>ഉള്ളടക്കം</u>

| ക്രമ നം. | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |

| | | |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |

| | | |
|---|---|---|
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | എഫ്.ടി ഇ& ഒ.എസ് ലൈസൻസ് സ്ഥാപനങ്ങൾ ഡിമാന്റിൽ നിന്നും ഒഴിവായിട്ടില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ് | 1-12 |
| 13 | വസ്തുനികുതി ഭേദഗതി ഉത്തരവ് പ്രകാരമുള്ള നിരക്ക് നിശ്ചയിച്ച് അന്തിമ വിജ്ഞാപനം ചെയ്തിട്ടില്ല | 1-13 |
| 14 | കെട്ടിടങ്ങളുടെ ഉപയോഗ ക്രമത്തിനനുസരിച്ച് നികുതി നിർണയിച്ചിട്ടില്ല | 1-14 |
| 15 | അധിക നിർമ്മാണം ക്രമവൽക്കരിക്കാതെ കെട്ടിട നമ്പർ അനുവദിച്ചു | 1-15 |

| | | |
|---|---|---|
| 16 | കശുമാവ് വിതരണം അപാകതകൾ | 1-16 |
| 17 | ഇ-ടെണ്ടർ – ടെണ്ടർ ഫീ പഞ്ചായത്തിന് ലഭ്യമായിട്ടില്ല | 1-17 |
| 18 | സിമന്റ് കോൺക്രീറ്റ് പേവ്മെന്റുകൾ /റോഡുകൾ മോർഡ് സ്പെസിഫിക്കേഷൻ പ്രകാരം നിർമ്മിക്കുന്നില്ല | 1-18 |
| 19 | ഷ്രഡഡ് പ്ലാസ്റ്റിക്ക് റോഡ് പ്രവൃത്തികളിൽ ഉപയോഗിക്കുന്നില്ല | 1-19 |
| 20 | റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കുന്നില്ല | 1-20 |
| 21 | വാഹന ഇൻഷുറൻസ് സംസ്ഥാന ഇൻഷുറൻസ് വകുപ്പ് വഴി തന്നെ നിർവ്വഹിക്കേണ്ടതാണ്. | 1-21 |

| | | |
|---|---|---|
| 22 | കുഴൽകിണർ നിർമ്മാണം -ഭൂജല വകുപ്പിൽ നിന്നും തുക തിരികെ ഈടാക്കേണ്ടതാണ്. | 1-22 |
| 23 | തൊഴിലുറപ്പ് പദ്ധതി – ആസ്തി നിർമ്മാണ പ്രവൃത്തികൾ സംബന്ധിച്ച് | 1-23 |
| 24 | മെറ്റീരിയൽ കളക്ഷൻ സെന്ററർ നിർമ്മാണം സംബന്ധിച്ച് | 1-24 |
| 25 | എസ്.എസ്.എ വിഹിതം നൽകൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-25 |
| 26 | ഹോമിയോ ആശുപത്രിയിലേക്ക് മോട്ടോർ,ടാങ്ക്,പൈപ്പ് വാങ്ങൽ പദ്ധതി-പൂർത്തീകരണ സാക്ഷ്യപത്രം | 1-26 |

| | | |
|---|---|---|
| | ,മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഹാജരാക്കിയില്ല | |
| 27 | അങ്കണവാടികൾക്ക് ന്യൂട്രിമിക്സ് നൽകിയത് ലാബ് പരിശോധനാ റിപ്പോർട്ട് ഹാജരാക്കിയില്ല | 1-27 |
| 28 | അങ്കണവാടികളുടെ ഫിറ്റനസ് സർട്ടിഫിക്കറ്റ്പരിശോധനക്ക് ഹാജരാക്കിയില്ല | 1-28 |
| | ഭാഗം **2** | |
| | വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം **3** | |
| | ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |

| | | |
|---|---|---|
| | ഇല്ല | |
| | ഭാഗം 4 | |
| | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 29 | വാര്‍ഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്‍കിയതിന്‍റെ വിവരം | 4-1 |
| 30 | സംയുക്തപ്രോജക്ടുകള്‍ക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 31 | നിക്ഷേപപ്രവൃത്തികള്‍ക്ക് നല്‍കിയ തുകയുടെ വിവരങ്ങള്‍ | 4-3 |
| 32 | മൊബിലൈസേഷന്‍ അഡ്വാന്‍സ് വിവരങ്ങള്‍ | 4-4 |
| 33 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 34 | സ്ഥിര നിക്ഷേപം | 4-6 |

| | | |
|---|---|---|
| 35 | ഓഡിറ്റ് റിക്കവറി | 4-7 |
| 36 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 37 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 39 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 40 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 41 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-1 |
| 42 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-2 |

| | | |
|---|---|---|
| 43 | ബാലൻസ് ഷീറ്റ് | അനുബന്ധം-2-3 |

# ഭാഗം -1

# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

| വർഷം | 2018/19 | |
|---|---|---|
| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
| തീരുമാനം നമ്പർ തിയതി | 32/2018 തീ. 24/03/2018 | 02/19 തീ.05/01/2019 |
| മുന്നിരിപ്പ് | 20,23,425.00 | 20,23,425.00 |

| | | |
|---|---|---|
| വരവ് | 7,73,24,750.00 | 10,73,25,500.00 |
| ആകെ | 7,93,48,175.00 | 10,93,48,925.00 |
| ചെലവ് | 7,85,65,000.00 | 10,71,86,000.00 |
| നീക്കിയിരിപ്പ് | 7,83,175.00 | 21,62,925.00 |

## 1-2 വാർഷിക കണക്ക് ലഭിച്ചതിന്റെ വിവരം

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2019 | 17-05-2019 | തിരിച്ചയച്ചിട്ടില്ല | - |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 53,16,724.00 |
| വരവ് | 5,90,90,323.00 |
| ആകെ | 64,407,047.00 |
| ചെലവ് | 5,88,37,980.00 |
| നീക്കിയിരിപ്പ് | 55,69,067.00 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 1,22,81,230.00 | 1,22,81,230.00 | 1,22,81,230.00 | 0 |
| വികസന ഫണ്ട്- | 0 | 4,51,761.0 | 4,51,761.0 | 4,51,761.0 | 0 |

| | | | | | |
|---|---|---|---|---|---|
| എസ്.സി.പി (ACR പ്രകാരം) | | 0 | 0 | 0 | |
| വികസന ഫണ്ട് – ടി.എസ്.പി (ACR പ്രകാരം) | 0 | 38,88,737.00 | 38,88,737.00 | 38,88,737.00 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 69,34,057.00 | 69,34,057.00 | 69,34,057.00 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 15,46,482.00 | 15,46,482.00 | 15,46,482.00 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 51,07,491.00 | 51,07,491.00 | 51,07,491.00 | 0 |

| | | | | | | |
|---|---|---|---|---|---|---|
| (ACRപ്രകാരം) | | | | | | |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി (സാധനങ്ങളുടെ വില ഉൾപ്പെടെ) | 0 | 2,27,48,383.00 | 2,27,48,383.00 | 2,27,48,383.00 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് | 1000 | 5,95,447.00 | 5,96,447.00 | 5,95,296.00 | 1151.00 |

| | | | | | | |
|---|---|---|---|---|---|---|
| | ചെലവ് | | | | | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ഐ.സി.ഡി.എസ് | | 4,16,284.00 | 3,60,242.00 | 7,76,256.00 | 3,84,625.00 | 3,91,901.00 |
| ടി.എസ്.സി | | 4,26,179.00 | 1,39,430.00 | 5,65,609.00 | 1,46,289.00 | 4,19,320.00 |
| സാക്ഷരത | | 5,610.00 | 43,339.00 | 48,949.00 | 43,017.00 | 5,932.00 |
| ശുചിത്വ മിഷൻ | | 5,16,025.00 | 20,00,000.00 | 25,16,025.00 | 20,00,000.00 | 5,16,025.00 |
| ഡബ്യ്യൂ.ജി.ഡി.പി | | 3,42,336.00 | 6,847.00 | 3,49,183.00 | 0 | 3,49,183.00 |
| ജോയിന്റ് | ബ്ലോക്ക് പഞ്ചായത്ത് | 7,87,536.00 | 4,60,000.00 | 12,47,536.00 | 6,61,536.00 | 5,86,000.00 |

| | | | | | | |
|---|---|---|---|---|---|---|
| വെഞ്ചർ അക്കൗണ്ട് | ജില്ലാ പഞ്ചായത്ത് | 7,90,903.00 | 23,10,170.00 | 31,01,073.00 | 21,10,178.00 | 9,90,895.00 |
| ബി ഫണ്ട് | | 0 | 1,58,000.00 | 1,58,000.00 | 1,58,000.00 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 27,42,290.00 | 40,62,299.00 | 68,04,589.00 | 38,93,384.00 | 29,11,205.00 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 154 | 6,32,46,739.00 | 103 | 4,31,71,706.00 | - | 51 | 58 |

| ക്രമനം | നിർവ്വഹണോ | അംഗീരിച്ച | നടപ്പിലാക്കിയ | അടങ്കൽ തുക | ചെലവ് തുക | ചെലവി |
|---|---|---|---|---|---|---|

| | ദ്യോഗസ്ഥൻ | പ്രാേജക്ടുകളുടെ എണ്ണം | പ്രാേജക്ടുകൾ | | | | ന്റെ ശതമാനം |
|---|---|---|---|---|---|---|---|
| | | | എണ്ണം | ശതമാനം | | | |
| 1 | കൃഷി ഓഫീസർ | 12 | 10 | 83.33 | 18,26,755.00 | 15,02,036.00 | 82.22 |
| 2 | വെറ്റിനറി സർജൻ | 8 | 5 | 62.5 | 31,55,000.00 | 21,01,000.00 | 66.59 |
| 3 | മെഡിക്കൽ ഓഫീസർ (പി | 5 | 4 | 80 | 6,44,000.00 | 4,97,504.00 | 77.25 |

| | | | | | | | |
|---|---|---|---|---|---|---|---|
| | എച്ച്സി) | | | | | | |
| 4 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 1 | 1 | 100 | 4,00,000.00 | 4,00,000.00 | 100 |
| 5 | വി ഇ ഒ | 10 | 9 | 90 | 1,88,58,923.00 | 1,60,00,274.00 | 85 |
| 5 | ഐ സി ഡി എസ് സൂപ്പർ വൈസർ | 7 | 7 | 100 | 29,63,000.00 | 27,29,412.00 | 92.11 |
| 6 | സെക്രട്ടറി | 22 | 16 | 72.72 | 46,13,955 | 34,76,985 | 75.35 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | .00 | .00 | |
| 7 | ഹെഡ് മാസ്റ്റർ | 4 | 3 | 75 | 10,25,000.00 | 7,79,396.00 | 76.03 |
| 8 | അസിസ്റ്റന്റ് എഞ്ചിനീയർ | 75 | 39 | 53.33 | 2,76,78,817.00 | 1,40,12,674.00 | 50.62 |
| 9 | അസിസ്റ്റന്റ് സെക്രട്ടറി | 5 | 5 | 100 | 8,82,289.00 | 7,77,014.00 | 88.06 |
| 10 | ഡയറി എക്സ്റ്റൻഷൻ | 1 | 1 | 100 | 9,00,000.00 | 6,00,000.00 | 66.66 |

| | | | | | | | |
|---|---|---|---|---|---|---|---|
| | ഓഫീസർ | | | | | | |
| 11 | മെഡിക്കൽ ഓഫീസർ | 4 | 4 | 100 | 2,99,000.00 | 2,95,411.00 | 99 |
| ആകെ | | 154 | 103 | 67 | 6,32,46,739.00 | 4,31,71,706.00 | 68.25 |

അംഗീകാരം ലഭിച്ച 154 പ്രോജക്ടുകളിൽ 103 (67%) എണ്ണം ആണ് നടപ്പാക്കിയിട്ടുള്ളത്. മരാമത്ത് മേഖലയിലെ പദ്ധതിച്ചെലവ് 50% മാത്രമാണ്. അംഗീകരിച്ച 75 പദ്ധതികളിൽ 40 എണ്ണം മാത്രമേ നടപ്പാക്കാൻ കഴിഞ്ഞിട്ടുള്ളൂ. സംരക്ഷണ ഗ്രാന്റ് (റോഡിതരം) ഇനത്തിൽ 56% തുകയും വികസനഫണ്ട് (എസ്.സി.പി) ഇനത്തിൽ 68% തുകയും മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

## ഗ്രാമസഭകൾ

2018-19 വർഷത്തെ കരട് പദ്ധതി രേഖ ചർച്ചക്കായി മാർച്ച് 2018 ലും ഗുണഭോക്തൃ തെരഞ്ഞെടുപ്പിനായി ജൂൺ 2018 ലും ഗ്രാമസഭകൾ ചേർന്നിട്ടുണ്ട്. നവമ്പർ 2018 മാസം ചേർന്ന ഗ്രാമസഭകളിൽ 2019- 20 വർഷത്തെ വാർഷിക പദ്ധതി, തൊഴിലുറപ്പ് പദ്ധതി ആക്ഷൻ പ്ലാൻ എന്നിവ ചർച്ച ചെയ്തു. ഗ്രാമസഭ രേഖകൾ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. പൊതുവേ തൃപ്തികരമായ പങ്കാളിത്തവും ഗ്രാമസഭകളിൽ ഉണ്ടായിട്ടുണ്ട്.

## വർക്കിംഗ് ഗ്രൂപ്പുകൾ

ആസൂത്രണ പ്രക്രിയയിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പങ്ക് സുപ്രധാനമാണ്. അതത് വിഷയ മേഖലകളുമായി ബന്ധപ്പെട്ട വിഷയങ്ങൾ ആഴത്തിൽ പരിശോധിച്ച്,

സ്ഥാപനത്തിന്റെ പ്രത്യേകതകൾക്ക് ഇണങ്ങുന്നതും ജനങ്ങൾക്ക് ആവശ്യമുള്ളതുമായ പദ്ധതികൾ രൂപീകരിക്കുകയും നിർദേശിക്കുകയും ചെയ്യുക, പദ്ധതികളുടെ നടത്തിപ്പിന്റെ മോണിറ്ററിങ്ങ് നടത്തുക എന്നിങ്ങനെയുള്ള സുപ്രധാനമായ ഉത്തരവാദിത്തങ്ങളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് നിർവ്വഹിക്കാനുള്ളത്. എന്നാൽ ഈ ഗൗരവം ഉൾക്കൊണ്ടു കൊണ്ട് പ്രവർത്തിക്കാൻ ഗ്രാമപഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പുകൾക്ക് സാധിച്ചതായി കാണുന്നില്ല. 2018-19 വർഷത്തിൽ 10/18, 11/18, മാസങ്ങളിലായി രണ്ട് തവണ മാത്രമാണ് വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നതായി കാണുന്നത്. തുടർന്ന് 3/1/2020-ന് മാത്രമാണ് യോഗം ചേർന്നു കാണുന്നത്. 2019 കലണ്ടർ വർഷത്തിൽ വർക്കിംഗ് ഗ്രൂപ്പിന്റെ ഒരു യോഗം പോലും നടന്നതായി കാണുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകളിലെ

അംഗസംഖ്യ 15 വരെ ആകാമെങ്കിലും യോഗങ്ങളിലെ ഹാജർ നില മെച്ചമല്ല. പദ്ധതി പ്രവർത്തന പുരോഗതി സംബന്ധിച്ച ഇടക്കാല വിലയിരുത്തൽ നടത്തുക, പദ്ധതികളുടെ സുഗമമായ പൂർത്തീകരണവും ലക്ഷ്യപ്രാപ്തിയും ഉറപ്പുവരുത്തുന്ന വിധത്തിൽ കൃത്യമായ മോണിറ്ററിങ്ങ് നടത്തുക തുടങ്ങിയ ഉത്തരവാദിത്വം നിർവ്വഹിക്കാൻ പര്യാപ്തമായ തലത്തിലേക്ക് വർക്കിങ്ങ് ഗ്രൂപ്പുകളെ ഉയർത്തേണ്ടതുണ്ട്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1,000.00 | 5,95,447.00 | 5,96,447.00 | 5,95,296.00 | 1151.00 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് (സാധനവില ഉൾപ്പെടെ) | 0 | 2,27,48,383.00 | 2,27,48,383.00 | 2,27,48,383.00 | 0 |
| ആകെ | 1,000.00 | 2,33,43,830.00 | 2,33,44,830.00 | 2,33,43,679.00 | 1151.00 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 12,20,200.00 | 97 |
| വിധവാപെൻഷൻ | 64,01,700.00 | 526 |
| വാർദ്ധക്യകാലപെൻഷൻ | 1,50,16,800.00 | 1294 |
| ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | 20,72,500.00 | 169 |
| 50 വയസിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 2,87,700.00 | 27 |

## 1-8 കേഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം

വകുപ്പ് പ്രകാരമുള്ള ക്യാഷ് പരിശോധന 29-01-2020 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹5074യുടെ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

സ്റ്റാന്റിങ്ങ് കമ്മറ്റികൾ പ്രതിമാസം യോഗങ്ങൾ ചേരുകയും ചുമതലയേൽപ്പിക്കപ്പെട്ട വിഷയങ്ങളുടെ നിർവഹണം സംബന്ധിച്ച ചർച്ചകൾ നടത്തുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. ഓഫീസ് പ്രവൃത്തി നിർവഹണവുമായി ബന്ധപ്പെട്ട് സമഗ്രമായ ജോലി വിഭജന ഉത്തരവ് പുറപ്പെടുവിക്കുകയും കാലാകാലങ്ങളിൽ ആവശ്യമായ പുതുക്കലുകൾ വരുത്തുന്നുണ്ട്.

പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട ഫയലുകൾ

പരിശോധിച്ചതിൽ അവയുടെ സൂക്ഷിപ്പിൽ , ഓഫീസ് നടപടിച്ചട്ടങ്ങളിലെ (MOP) വ്യവസ്ഥകൾ പാലിച്ചതായി കാണുന്നില്ല. എം.ഒ.പി.യിലെ വ്യവസ്ഥകൾ അനുസരിച്ച് ഫയൽ കുറിപ്പുകൾ, ഓഫീസ് ഫയലുകളുടെ അനിവാര്യ ഭാഗമാണ്. സെക്ഷൻ ക്ലർക്കും മറ്റ് ഉദ്യോഗസ്ഥരും ഫയലിൽ എഴുതിയ അഭിപ്രായങ്ങൾ, ഫയൽ സമർപ്പിച്ച തീയതി, കത്തുകളുടെ കരട് അംഗീകരിച്ച തീയതി, തുടർ നടപടികൾ സംബന്ധിച്ച നിർദ്ദേശങ്ങൾ എന്നു തുടങ്ങി ഫയൽ നീക്കത്തിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുന്ന നോട്ട് ഫയൽ , എല്ലാ ഫയലുകൾക്കൊപ്പവും സൂക്ഷിക്കേണ്ടതാണ്.

ഓഡിറ്റിനോടുള്ള സ്ഥാപനത്തിന്റെ സമീപനം തൃപ്തികരമല്ല. 24 ഓഡിറ്റ് അന്വേഷണങ്ങളിൽ 8 എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചത്. ഓഡിറ്റ്

അന്വേഷണങ്ങൾക്ക് യഥാസമയം മറുപടി ലഭ്യമാക്കുന്നതിൽ സെക്രട്ടറി ഉൾപ്പെടെയുള്ള നിർവ്വഹണോദ്യോഗസ്ഥരുടെ ഭാഗത്തു നിന്ന് ആവശ്യമായ ജാഗ്രത ഉണ്ടായിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് | 05-09-2011 | 2008-09ൽ മുതൽ 2010-11വരെ | 06-02-2012 |
| പെർഫോമൻസ് | 17-01-2020 | 12/2019 | ഇല്ല |

| ഓഡിറ്റ് | | | |
|---|---|---|---|

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

1) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല
2) 2018-19 വാർഷിക ധനകാര്യ പത്രികയിലെ ആർ.പി.43 പ്രകാരം തൻവർഷത്തെ റസിഡൻഷ്യൽ കെട്ടിടങ്ങളുടെ വസ്തുനികുതി വരവ് 969029 രൂപയും കുടിശ്ശിക വരവ് 24417 രൂപയും ആണ്. എന്നാൽ സഞ്ചയ പ്രകാരം ഇത് യഥാക്രമം 993467 രൂപ, 29292 രൂപ എന്നിങ്ങനെയാണ്.

## 1-12 എഫ് ടി ഇ& ഒ എസ് ലൈസൻസ് - സ്ഥാപനങ്ങൾ ഡിമാന്റിൽ നിന്നും ഒഴിവായിട്ടില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

കെട്ടിടങ്ങളുടെ വിവരങ്ങൾ അടങ്ങിയ സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ നിന്നും ലഭ്യമായ വിവരങ്ങൾ

പ്രകാരം പഞ്ചായത്തിലെ 13 വാർഡുകളിലായി ആകെ 838 കെട്ടിടങ്ങൾക്ക് വാണിജ്യം/ വ്യവസായ ആവശ്യങ്ങൾക്കായി കെട്ടിടനമ്പർ അനുവദിച്ചിട്ടുണ്ടെങ്കിലും 227 കെട്ടിടങ്ങൾ മാത്രമാണ് എഫ് ടി ഇ & ഒ എസ് ലൈസൻസ് ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ളത്. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 5- തീയതി 23-01-2020) മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽ ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ അനധികൃതമായി പ്രവർത്തിക്കുന്നുണ്ടാവാമെന്നാണ് ഈ കണക്കുകൾ സൂചിപ്പിക്കുന്നത്. യഥാർത്ഥത്തിൽ പഞ്ചായത്ത് പരിധിയിലുള്ള വ്യാപാരസ്ഥാപനങ്ങളുടെയും നടത്തിപ്പുകാരുടെയും കൃത്യമായ വിവരങ്ങൾ ലഭ്യമല്ലാത്തിനാൽ എഫ് ടി ഇ & ഒ എസ് ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നീ നികുതി ഇനങ്ങളിൽ വരുമാന

ചോർച്ച സംഭവിക്കാൻ ഇടയുണ്ട്. ഫീൽഡ് തല പരിശോധന നടത്തി പൂർണ്ണവും കുറ്റമറ്റതുമായ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സ്ഥാപനങ്ങൾ ലൈസൻസ് ഡിമാന്റിൽ നിന്നും ഒഴിവായിട്ടില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഫലപ്രദമായ ഇടപെടൽ ഉണ്ടാവേണ്ടതുണ്ട്.

## 1-13 വസ്തു നികുതി -ഭേദഗതി ഉത്തരവ് പ്രകാരമുള്ള നിരക്ക് നിശ്ചയിച്ച് അന്തിമ വിജ്ഞാപനം ചെയ്തിട്ടില്ല.

കെട്ടിടങ്ങളുടെ വസ്തുനികുതി ചുമത്തുന്നതു സംബന്ധിച്ച സ.ഉ (അ)19/2011/തസ്വഭവ തീയതി 14-1-2011 പ്രകാരം പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം കണിച്ചാർ ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി പരിഷ്കരണം

സംബന്ധിച്ച് കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും ആയത് അന്തിമമായി വിജ്ഞാപനം ചെയ്തിട്ടില്ലെന്ന് 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-1-ൽ പരാമർശിച്ചിട്ടുണ്ട്. മേൽ സുചിപ്പിച്ച ഉത്തരവിൽ ചില ഭാഗങ്ങൾ കൂടി ഉൾപ്പെടുത്തി സ.ഉ(അ) നമ്പർ 36/2015/തസ്വഭവ തീയതി 24-2-2015 പ്രകാരം ഭേദഗതി ചെയ്തിട്ടുണ്ട്. ആയത് പ്രകാരം സ്വകാര്യ ഹോസ്റ്റൽ, ഹോം സ്റ്റേ, വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ ഓഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ് , മൈക്രോ, സ്മാൾ ആന്റ് മീഡിയം എന്ററർ പ്രൈസസ് ഡവലപ്മെന്റ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ, ആയുർവേദ സുഖ ചികിത്സാകേന്ദ്രങ്ങൾ എന്നീ

വിഭാഗങ്ങളിൽ പെടുന്ന കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കൂടിയതും കുറഞ്ഞതുമായ നിരക്ക് എത്രയാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനനുസരിച്ച് ഓരോ പഞ്ചായത്തും അതത് പഞ്ചായത്തുകൾക്ക് ബാധകമാവുന്ന അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ച് വിജ്ഞാപനം ചെയ്യേണ്ടതാണ്. എന്നാൽ കണിച്ചാർ ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി വിജ്ഞാപനം സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ ഇപ്രകാരം നിരക്ക് നിശ്ചയിച്ച് വിജ്ഞാപനം ചെയ്തതായി കണ്ടില്ല. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 11 തീയതി 27-1-2020) മറുപടി ലഭ്യമാക്കിയിട്ടില്ല. ഭേദഗതി ഉത്തരവ് പ്രകാരമുള്ള നിരക്ക് നിശ്ചയിച്ച് അന്തിമ വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിനനുസരിച്ച് നികുതി നിർണയിച്ചിട്ടില്ല

2018-19 കാലയളവിലെ എഫ് ടി ഇ& ഒ എസ് ലൈസൻസ് ഡിമാന്റ് രജിസ്റ്റർ, എഫ് ടി ഇ& ഒ ലൈസൻസ് അപേക്ഷകൾ, സഞ്ചയ സോഫ്റ്റ് വെയറിലെ കെട്ടിടങ്ങളുടെ വിവരങ്ങൾ എന്നിവ പരിശോധിച്ചതിൽ വാണിജ്യാവശ്യങ്ങൾക്കായി ലൈസൻസ് നൽകിയ താഴെപറയുന്ന കെട്ടിടങ്ങളിൽ ക്രമ നമ്പർ 1 മുതൽ 7 വരെയുള്ള കെട്ടിടങ്ങൾക്ക് പാർപ്പിടാവശ്യത്തിനെന്ന തരത്തിലാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. കൂടാതെ ക്രമ നമ്പർ 8 മുതൽ 13വരെയുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുമില്ല.

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | വാണിജ്യം നടത്തുന്നവരുടെ പേര് | സംരംഭം |
|---|---|---|---|
| 1 | 5/59 | സന്തോഷ് എം എസ്, മേടക്കര ഹൗസ്, കാളികയം | സ്റ്റേഷനറി,പഴം പച്ചക്കറി |
| 2 | 2/105 | സുകുമാരൻ നായർ, മാങ്കുന്നേൽ | അനാദി,സ്റ്റേഷനറി |
| 3 | 11/320 | സീന റോയ്, കുറ്റിമാക്കൂൽ, മലയാംപടി | ബുക്ക് & സ്റ്റേഷനറി |
| 4 | 3/224 | മനോജ് പി, മാനസ, കണ്ണവം | ബേക്കറി |

| | | | |
|---|---|---|---|
| 5 | 1/32,33,34 | മാണി കണയം മാക്കൂൽ, മടപ്പുരച്ചാൽ | അനാദി കച്ചവടം |
| 6 | 10/314 | സെക്രട്ടറി, കൊളക്കാട് ക്ഷീരോല്പാദക സഹകരണ സംഘം | പാൽ സംഭരണം,വില്പന |
| 7 | 12/227 | ആന്റണി എംടി, മഞ്ഞപ്പള്ളിയിൽ | അനാദി കട |
| 8 | 2/71 | മിനികളപ്പുരക്കൽ, കളപ്പുരക്കൽ, അണുങ്ങോട്ട് | അനാദി കട |

| | | | |
|---|---|---|---|
| 9 | 11/441 | ബിനോയ് ഇ വി, ഇളമ്പശ്ശേരി ഹൗസ്, കൊളക്കാട് | ബേക്കറി |
| 10 | 11/310 | റോയ് തോമസ്, കുറുംപുറത്ത് ഹൗസ്, കൊളക്കാട് | ഹോട്ടൽ |
| 12 | 11/317 | കെ കെ ജോസഫ്, കണ്ണങ്കയത്ത് ഹൗസ്, കൊളക്കാട് | ചായകട |
| 13 | 11/446 | ഷിബു എ കെ, | വെൽഡിംഗ് |

| | | | |
|---|---|---|---|
| | | പോണാട്ട് ഹൗസ്, തുണ്ടിയിൽ | ഷോപ്പ് |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകചയറിക്ക് (നമ്പർ 3തീയതി 23-1-2020) മറുപടി ലഭ്യമാക്കിയിട്ടില്ല. തെറ്റായി നികുതി നിർണയം നടത്തിയ മേൽ സൂചിപ്പിച്ച കെട്ടിടങ്ങളുടെ നികുതി പുനർനിർണയം നടത്തേണ്ടതും ക്രമനമ്പർ 8 മുതൽ 13 വരെയുമുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയയിൽ രേഖപ്പെടുത്തി നികുതി നിർണയിച്ച് കുടിശ്ശികയടക്കം ഈടാക്കേണ്ടതുമാണ്. ലൈസൻസിനായി ലഭിക്കുന്ന അപേക്ഷകൾ കൃത്യമായി പരിശോധിച്ച് വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് പ്രസ്തുത ആവശ്യത്തിനെന്ന തരത്തിൽ നികുതി നിർണയം നടത്തിയിട്ടുണ്ടോയെന്നും ലൈസൻസ് നൽകിയ കെട്ടിടം തന്നെയാണ് വാണിജ്യാവശ്യങ്ങൾക്ക്

ഉപയോഗിക്കുന്നതെന്നും ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-15 അധിക നിർമ്മാണം ക്രമവത്കരിക്കാതെ കെട്ടിട നമ്പർ അനുവദിച്ചു.

| | |
|---|---|
| കെട്ടിട ഉടമസ്ഥൻ | സിബി കൊച്ചുതാഴത്ത്, കിഴക്കേ മാവടി, കൊളക്കാട്. |
| കെട്ടിടത്തിന്റെ തരം | വാണിജ്യം |
| പെർമിറ്റ് നം,തീയതി | BA-97/14-5, 14-12-2015 |
| പെർമിറ്റ് പ്രകാരമുള്ള വിസ്തീർണ്ണം | 149.38 ച.മീ |
| കെട്ടിട നമ്പർ | 12/306C, 306D, 306E, 306F, 306H, 306I |
| കംപ്ലീഷൻ പ്ലാൻ | 177.51 ച.മീ |

| | |
|---|---|
| പ്രകാരമുള്ള വിസ്തീർണ്ണം | |

കെട്ടിട ഉടമസ്ഥൻ സമർപ്പിച്ച കംപ്ലീഷൻ പ്ലാൻ, ഫോറം 6 പ്രകാരമുള്ള നികുതി നിർണ്ണയ വിവരങ്ങൾ എന്നിവ പ്രകാരം 177.51 ച.മീ വിസ്തീർണ്ണമുള്ള കെട്ടിടത്തിനാണ് നമ്പർ അനുവദിച്ചിട്ടുള്ളത്. എന്നാൽ പെർമിറ്റ് പ്രകാരമുള്ളതിനേക്കാൾ അധികമായി നിർമ്മാണം പൂർത്തിയാക്കിയ 28.13 ച.മീ ക്രമവത്കരിച്ചിട്ടില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ12 തീയതി 27-1-2020) മറുപടി ലഭ്യമക്കിയിട്ടില്ല. അധിക നിർമ്മാണം ക്രമവത്കരിച്ച് നിയമാനുസൃത ഫീസ് ഈടാക്കേണ്ടതാണ്.

## 1-16 കശുമാവ് വിതരണം പദ്ധതി - അപാകങ്ങൾ

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രൊജക്ട് നം.,പേര് | 79/19 കശുമാവ് വിതരണം |
| അടങ്കൽ | രൂ. 50000/- (വികസന ഫണ്ട് ജനറൽ) |
| ചെലവ് രൂ. /- | (1) ബിൽ നം.1/18-19/11.10.2018 രൂ. 50000/-<br><br>Amount Transfer credited to the Beneficiary ( Ms. Aralam Farming corporation) Bank A/C No. SBIN0070647/57048668404-on 11.10.2018 |
| ഇൻ വോയ്സ് | 259/2017/05-09-2018 |

| നമ്പർ തീയതി | |
|---|---|

കണിച്ചാർ ഗ്രാമ പഞ്ചായത്തിൽ കശുമാവ് വിതരണം എന്ന പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി മേൽ പ്പറഞ്ഞ ബിൽ പ്രകാരം വികസന ഫണ്ടിൽ നിന്നും തുക 50000 രൂ. പിൻ വലിച്ചു, 50രൂപ നിരക്കിൽ 1000 ഗ്രാഫ്റ്റ് കശുമാവിൻ തൈകളുടെ വിലയായി ആറളം ഫാമിംഗ് കോർ പ്പറേഷനിൽ ഒടുക്കിയിട്ടുണ്ട്. പ്രോജക്ടിന്റെ നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കണ്ടു.

14-02-2018 ലെ ജി ഒ (പി) നം 22/2018 എൽ എസ് ജി ഡി നം സർ ക്കാർ ഉത്തരവ് / സബ്സിഡി മാർ ഗ്ഗരേഖ, ഖണ്ഡിക 6-1 (17) പ്രകാരം ഗുണഭോക്താക്കൾ കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർ ണ്ണത്തിന്റെ അടിസ്ഥാനത്തിൽ വേണം തൈകൾ വിതരണം ചെയ്യുവാൻ

. എന്നാൽ കണിച്ചാർ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട 13 വാർ ഡുകളിലെയും അകെ 200 ഗുണഭോക്താക്കൾക്ക് 5 എണ്ണം എന്ന നിരക്കിൽ അവരുടെ സ്ഥല വിസ്തീർ ണ്ണം പരിഗണിക്കാതെയാണ് തൈകൾ വിതരണം നടത്തിയിരിക്കുന്നത്. കൂടാതെ കാഷ്യൂ കോർ പ്പറേഷനിൽ നിന്നും സൗജന്യമായി തൈകൾ ലഭിക്കുവാൻ സാധ്യത ഉണ്ടെങ്കിൽ ആയത് പ്രകാരം തൈകൾ ലഭ്യമാക്കണം എന്നുള്ള നിർ ദ്ദേശവും പാലിച്ചിട്ടില്ല. അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 28-01-2020 നൽ കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13) നിർ വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ ഗുണഭോക്താക്കളുടെ എണ്ണം കൂടിയതിനാലാണ് 5 എണ്ണം എന്ന നിരക്കിൽ കശുമാവ് തൈ വിതരണം നടത്തിയത് എന്നാണ് അറിയിച്ചിട്ടുള്ളത്. വിശദീകരണം തൃപ്തികരമല്ല. അപാകങ്ങൾ ഭാവിയിൽ

ആവർ ത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ് .

## 1-17 ഇ ടെണ്ടർ -ടെണ്ടർ ഫീ പഞ്ചായത്തിന് ലഭ്യമായില്ല

ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീ കരാറുകാർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് ഓൺ ലൈനായി അടവാക്കുകയാണ് ചെയ്യുന്നത്. പ്രസ്തുത തുക ഈ ടെണ്ടർ ഫീ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവ് വരേണ്ടതാണ്. 2018-19 വർഷത്തിൽ ഗ്രാമപഞ്ചായത്തിന് ഈ ഇനത്തിൽ ലഭിക്കാനുള്ള തുകയുടെ വിശദ വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് 28-01-2020 നൽകിയ 18 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർ വഹണ ഉദ്യോഗസ്ഥൻ

മറുപടി ലഭ്യമാക്കിയില്ല. ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ നിന്നും പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് .

## **1-18 സിമന്റ് കോൺക്രീറ്റ് പേവ്മെന്റുകൾ/റോഡുകൾ മോർഡ് സ്പെസിഫിക്കേഷൻ പ്രകാരം നിർമ്മിക്കുന്നില്ല**

നിർവ്വഹണം - അസി. എഞ്ചിനീയർ

ഓഡിറ്റ് വർഷത്തിൽ നിർമ്മിക്കപ്പെട്ട റോഡുകളിൽ ചിലത് പൂർണ്ണമായോ ഭാഗികമായോ സിമന്റ് കോൺക്രീറ്റ്

പേവ്മെന്റുകളായാണ് നിർമ്മിച്ചിരിക്കുന്നത്. പ്രവൃത്തികളിലെ പ്രധാന ഇനമായ പേവ്മെന്റ് കോൺക്രീറ്റിംഗ് നിർവ്വഹിച്ചിരിക്കുന്നത് മോർഡ് സ്പെസിഫിക്കേഷനിൽ നിഷ്കർഷിച്ച വിധത്തിലല്ലെന്ന് രേഖകളിൽ നിന്നും വ്യക്തമാകുന്നു. മോർഡ് സ്പെസിഫിക്കേഷനിലെ വിവിധ സ്ട്രക്ച്ചറുകളുടെ ഓപ്പൺ ഫൗണ്ടേഷൻ വിശദമാക്കുന്ന അദ്ധ്യായം 800,1200 എന്നിവയിൽ വിശദീകരിക്കുന്നതും DAR ലെ അദ്ധ്യായം 11ൽ 11.4.3.1 നമ്പർ പ്രകാരം ഡാറ്റാ നല്കിയതുമായ കോൺക്രീറ്റ് ഇനമാണ് റോഡ് നിർമ്മിതിക്ക് ഉപയോഗപ്പെടുത്തിയിരിക്കുന്നതെന്ന് എസ്റ്റിമേറ്റ് പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. എന്നാൽ മോർഡ് സ്പെസിഫിക്കേഷനിലെ സെക്ഷൻ 1500 മുതലാണ് പേവ്മെന്റ് കോൺക്രീറ്റിംഗ് സംബന്ധിച്ച് വിശദമാക്കുന്നത്.

കൂടാതെ മോർഡ് സ്റ്റാന്റേഡ് ഡാറ്റാ ബുക്കിലെ അദ്ധ്യായം 6 ൽ ഇതിന്റെ ഡാറ്റാ നല്കിയിട്ടുമുണ്ട്. ഇതിൽ 6.4 നമ്പർ ഇനമാണ് കോൺക്രീറ്റിനായി ഉപയോഗപ്പെടുത്തേണ്ടത്. വിവിധ സ്ട്രക്ച്ചറുകളുടെ ഫൗണ്ടേഷൻ കോൺക്രീറ്റും, കോൺക്രീറ്റ് പേവ്മെന്റുകൾക്ക് ഉപയോഗിക്കുന്ന കോൺക്രീറ്റും വ്യത്യസ്തങ്ങളായ കാര്യങ്ങൾക്കാണ് ഉപയോഗിക്കുന്നതെന്ന് ഇവിടെ പ്രസക്തമാണ്. റോഡിന് ആവശ്യമായ ഇലാസ്റ്റികത, ഷോക് അബ്സോർപ്ഷൻ കഴിവ് എന്നിവ സ്ട്രക്ച്ചറുകളുടെ ഫൗണ്ടേഷൻ കോൺക്രീറ്റിന് ഉണ്ടാകണമെന്നില്ല. ഇത് റോഡ് തകരുന്നതിന് ഇടയാക്കാം. മേല്പറഞ്ഞ രണ്ട് കോൺക്രീറ്റുകളുടേയും സ്പെസിഫിക്കേഷൻ പരിശോധിച്ചാൽ തന്നെ നിർമ്മിതിയിലെ വലിയ അന്തരം വ്യക്തമാകുന്നതാണ്. ഇനം 6.4 പ്രകാരമുള്ള റോഡ് കോൺക്രീറ്റിൽ

ഉപയോഗിക്കാവുന്ന കോഴ്സ് അഗ്രഗേറ്റ് (coarse aggregate) 25mm കൂടാൻ പാടില്ല എന്നു നിഷ്കർഷിക്കുമ്പോൾ 11.4.3.1ൽ 40 mm അഗ്രഗേറ്റ് വരെ ഉപയോഗിക്കുന്നുണ്ട്. 6.4 പ്രകാരമുള്ള ഇനത്തിൽ ഉപയോഗിക്കുന്ന സാധനങ്ങളുടെ (materials) ബാഹുല്യവും വൈവിധ്യവും ഇവിടെ ശ്രദ്ധേയമാണ്. മേൽ വസ്തുതകൾ അടിസ്ഥാനപ്പെടുത്തുമ്പോൾ റോഡ് നിർമ്മിതിക്ക് 11.4.3.1 നമ്പർ ഡാറ്റാ ഉപയോഗപ്പെടുത്തി ചെയ്യാൻ ഉണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്. ഇപ്രകാരം നിർമ്മിക്കപ്പെട്ട ചില റോഡുകളുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രാ ോജക്ട് | ചെലവുതുക |
|---|---|---|

| | | |
|---|---|---|
| 1. | 54/19 ഓടംതോട് പള്ളിത്തട്ട് അടിവാരം ആണുങ്ങോട് റോഡ് കോൺക്രീറ്റിങ് | 419953 |
| 2. | 56/19 അയോത്തുംചാൽ ചേപ്പാ റോഡ് കോൺക്രീറ്റിങ് | 346450 |
| 3. | 60/19 രാജമുടി ജവഹർ റോഡ് കോൺക്രീറ്റിങ് | 671875 |
| 4. | 61/19 അനന്തഗിരി മണ്ണാർ കുളം മല റോഡ് കോൺക്രീറ്റിങ് | 394961 |

| | | |
|---|---|---|
| 5. | 63/19 പൂളക്കുറ്റി സെന്റ് ജോസഫ് നഗർ റോഡ് കോൺക്രീറ്റിങ് | 389568 |
| 6. | 67/19 ഇടക്കുറ്റി അൽ ഫോൻസാ നഗർ റോഡ് കോൺക്രീറ്റിങ് | 694404 |
| 7. | 68/19 കണിച്ചാർ കോറ ആറ്റാംചേരി റോഡ് കോൺക്രീറ്റിങ് | 100000 |
| 8. | 69/19 കിഴക്കേ മാവടി പോണാട്ട് പാലം റോഡ് കോൺക്രീറ്റിങ് | 346397 |
| 9. | 70/19 ആറ്റാംചേരി | 349865 |

| | | |
|---|---|---|
| | പാറേപ്പട്ടണം കല്ലടി റോഡ് കോൺക്രീറ്റിങ് | |
| 10. | S/O 117/19 സെന്റ് ബെനഡിക്ട് റോഡ് കോൺക്രീറ്റിങ് | 799695 |
| 11. | S/O 127/19 - 24 മൈൽ മുടവങ്ങോട് കുറിച്യ കോളനി നടപ്പാത കോൺക്രീറ്റിങ് | 435444 |
| 12. | S/O 128/19പള്ളിപ്പറമ്പ് കോളനി നടപ്പാത കോൺക്രീറ്റിങ് എസ് ടി | 292059 |

| | | |
|---|---|---|
| 13. | S/O 133/19പള്ളിത്താഴം കവല തുറക്കൽ ജംക്ഷൻ റോഡ് കോൺക്രീറ്റിങ് | 299828 |
| 14. | S/O 134/19പള്ളിത്താഴം കവല കാപ്പിമല റോഡ് കോൺക്രീറ്റിങ് | 496088 |
| 15. | S/O 164/19വാന്തുപറമ്പിൽ കവല കുരിശുമല റോഡ് കോൺക്രീറ്റിങ് | 788 |

അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 28-01-2020 നൽകിയ 19 നമ്പർ ഓഡിറ്റ് എൻക്വയറിക്ക്

നിർവഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല ആവശ്യമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-19 ഷ്രഡ്ഡഡ് പ്ലാസ്റ്റിക്ക് റോഡ് പ്രവൃത്തികളിൽ ഉപയോഗിക്കുന്നില്ല

തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 29.11.2018-ലെ 480/ഡി .സി 1/2018 നമ്പർ കത്ത് പ്രകാരം പൊതുമരാമത്ത് ടാറിംഗ് പ്രവർത്തികളിൽ shredded plastic പരമാവധി ഉപയോഗിക്കണം എന്ന് നിർ ദേശിച്ചിരുന്നു. കൂടാതെ ഇത് സംബന്ധിച്ച തദ്ദേശ വകുപ്പ് സാങ്കേതിക വിഭാഗത്തിന്റെ ഡിബി3-4620/2012/സിഇ/തസ്വഭവ തീയതി 05/12/2018 നമ്പർ

